**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.786 10.02.2016-ൽ മറുപടിക്ക്**

**ഡോക്ടർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ എത്ര; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ഡോക്ടർമാരുടെ 545 ഒഴിവുകളാണ് ഉള്ളത്. ഇതിൽ 280 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. |
| (ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തതിന്റെ കാരണം വെളിപ്പെടുത്താമോ; | (ബി) അസിസ്റ്റന്റ് സർജൻ ഒഴിവുകൾ പി.എസ്.സി ലിസ്റ്റ് പ്രകാരമോ പി.ജി റീ-ജോയിനിംഗ് വഴിയോ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി സർവ്വീസിൽ പി.ജി ബിരുദമുള്ള മെഡിക്കൽ ആഫീസർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സ്പെഷ്യാലിറ്റി കേഡറിലെ മറ്റ് തസ്തികകളിലെ ഒഴിവുകളും സിവിൽ സർജൻ ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) സ.ഉ (കൈ) നം.110/2014/ആകുവ തീയതി 26.03.2014, സ.ഉ (കൈ) നം.288/2014/ ആകുവ തീയതി 30.09.2014 എന്നിവ പ്രകാരം 2014 മാർച്ച് മുതൽ ആരോഗ്യ വകുപ്പിൽ നിന്നും വിരമിക്കേണ്ടിയിരുന്ന ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം വീതം സർക്കാർ ദീർഘിപ്പിച്ചു നൽകിയിരുന്നു. 158503/എ 3/2015/ആകുവ നമ്പർ ഫയലിൽ വീണ്ടും ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുകയും, ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം തത്കാലം വർദ്ധിപ്പിക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ